## ഇന്ത്യൻ പ്രധാനമന്ത്രിയും UK പ്രധാനമന്ത്രിയും ഇരുരാജ്യങ്ങളിലെയും വ്യവസായ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തി (ജൂലൈ 24, 2025)

ജൂലൈ 24, 2025

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും യുണൈറ്റഡ് കിംഗ്ഡം പ്രധാനമന്ത്രി സർ കെയർ സ്റ്റാർമറും ചരിത്രപരമായ ഇന്ത്യ - UK സമഗ്ര സാമ്പത്തിക, വ്യാപാര കരാർ [CETA] ഒപ്പുവെച്ചതിനെ തുടർന്ന് ഇന്ത്യയിലെയും UK-യിലെയും വ്യവസായ പ്രമുഖരുമായി ഇന്ന് കൂടിക്കാഴ്ച നടത്തി. ആരോഗ്യം, ഫാർമസ്യൂട്ടിക്കൽസ്, രത്നങ്ങളും ആഭരണങ്ങളും, ഓട്ടോമൊബൈൽസ്, ഊർജ്ജം, നിർമ്മാണം, ടെലികോം, സാങ്കേതികവിദ്യ, IT, ലോജിസ്റ്റിക്സ്, തുണിത്തരങ്ങൾ, സാമ്പത്തിക സേവന മേഖലകൾ തുടങ്ങിയവയിൽ ഇരുപക്ഷത്തുനിന്നുമുള്ള വ്യവസായ പ്രമുഖർ യോഗത്തിൽ പങ്കെടുത്തു. ഈ മേഖലകൾ ഇരു രാജ്യങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എല്ലാവരെയും ഉൾക്കൊള്ളുന്ന സാമ്പത്തിക വികസനത്തിനും ഗണ്യമായ സംഭാവന നൽകുന്നു.

2. സമീപ വർഷങ്ങളിൽ ഉഭയകക്ഷി വ്യാപാര, നിക്ഷേപ ബന്ധങ്ങളിലുണ്ടായ വികസനം ഇരു നേതാക്കളും ചൂണ്ടിക്കാട്ടി. വ്യവസായ പ്രമുഖരുമായുള്ള അവരുടെ ചർച്ചയിൽ വ്യാപാരം, നിക്ഷേപം, നൂതനാശയ പങ്കാളിത്തം എന്നിവ മെച്ചപ്പെടുത്തുന്നതിന് CETA വഴി സൃഷ്ടിക്കപ്പെടുന്ന അവസരങ്ങളുടെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്താൻ അവരെ പ്രോത്സാഹിപ്പിച്ചു. മെച്ചപ്പെടുത്തിയ ഉഭയകക്ഷി സഹകരണത്തിലൂടെ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനുള്ള തങ്ങളുടെ പൊതുവായ പ്രതിബദ്ധത ആവർത്തിച്ച് ഉറപ്പിച്ച അവർ പുതിയ കരാർ രണ്ട് സമ്പദ്‌വ്യവസ്ഥകളുടെയും വ്യാപാര ചിന്താഗതിക്കും ആഗോള സാമ്പത്തിക മേഖലയ്ക്കും ഉത്തേജനമാകുമെന്നും അഭിപ്രായപ്പെട്ടു. CETA-യുടെ പ്രകടമായ നേട്ടങ്ങൾ എടുത്തുകാട്ടുന്ന ഇരുരാജ്യങ്ങളിലെയും മുൻനിര ഉൽപ്പന്നങ്ങളുടെയും നൂതനാശയങ്ങളുടെയും ശ്രദ്ധേയമായ പ്രദർശനം ഇരുനേതാക്കളും സന്ദർശിച്ചു. രത്നങ്ങളും ആഭരണങ്ങളും, എൻജിനിയറിംഗ് ഉൽപ്പന്നങ്ങൾ, ഗുണമേന്മയുള്ള ഉപഭോക്തൃ ഉൽപ്പന്നങ്ങൾ, നൂതന സാങ്കേതിക പ്രതിവിധികൾ എന്നിവ പ്രദർശനത്തിൽ ഉൾപ്പെട്ടിരുന്നു.

3. ഇന്ത്യ-യുകെ വ്യാവസായിക പ്രമുഖർ ചരിത്രപരമായ വ്യാപാര കരാറിനെ പ്രശംസിക്കുകയും ഇത് സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിൽ ഒരു പുതിയ യുഗത്തിന് തുടക്കമിടുമെന്നു വ്യക്തമാക്കുകയും ചെയ്തു, വ്യാപാരത്തിലും സമ്പദ്‌വ്യവസ്ഥയിലും മാത്രമല്ല, ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ, വിദ്യാഭ്യാസം, നൂതനാശയ ആവിഷ്കാരം, ഗവേഷണം, ആരോഗ്യം എന്നീ മേഖലകളിലും ഇത് സഹകരണം വർധിപ്പിക്കുമെന്നും അവർ ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു.

4. പുതിയ കരാറിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലും വരുംവർഷങ്ങളിൽ സാമ്പത്തിക സഹകരണ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിലും ചെറുതും വലുതുമായ വ്യവസായങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധത ഇരുനേതാക്കളും ആവർത്തിച്ചുറപ്പിച്ചു.

ലണ്ടൻ

ജൂലൈ 24, 2025